## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*62.** **01.03.2017 ന് മറുപടിയ്ക്ക്**

## ലഹരിക്കായി മരുന്നുകൾ ദുരുപയോഗം ചെയ്യുന്ന പ്രവണത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ. രാജൻ<br>,, മുല്ലക്കര രത്നാകരൻ<br>,, വി.ആർ. സുനിൽ കുമാർ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരിക്കായി 'ബട്ടൺ മരുന്ന്' എന്ന പേരിൽ മരുന്ന് വില്പന നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പാസ്മോ പ്രോക്സിമോ എന്ന ഗുളികയാണ് വിദ്യാർത്ഥികൾക്കിടയിൽ **'ബട്ടൺ മരുന്ന്'** എന്ന പേരിൽ അറിയപ്പെടുന്നത്. |
| (ബി) | മാനസിക രോഗത്തിനുള്ള പല മരുന്നുകളും ഇത്തരത്തിൽ ലഹരിക്കായി ദുരുപയോഗപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകളും, വേദന സംഹാരികളും മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങളും ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരി മരുന്നുകളായി വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികൾ ഇത്തരം മരുന്നുകൾ ഉപയോഗിക്കുന്നത് തടയുന്നതിനായി നിയമം അനുശാസിക്കുന്ന രീതിയിലാണ് ടി മരുന്നുകൾ സൂക്ഷിക്കുന്നതെന്നും വില്പന നടത്തുന്നതെന്നും ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോജില്ലയിലെയും ഡ്രഗ്സ് ഇൻസ്പെകടർമാരുടെയും, മെഡിക്കൽ സ്റ്റോർ ഉടമകളുടെ അസോസിയേഷൻ പ്രതിനിധികളുടെയും, യോഗം വിളിച്ചുകൂട്ടി, മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തിരം ഇതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | സ്കൂളുകളുടെ പരിസരങ്ങളിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ വിപണനം ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയാണോ നടക്കുന്നതെന്നും, ഇത്തരം മരുന്നുകൾ വളരെക്കൂടുതലായി സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നുണ്ടോയെന്നും പരിശോധിച്ച് ആവശ്യമായ കേസ് രജിസ്റ്റർ ചെയ്യുവാൻ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതാണ്. എന്നാൽ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് ഡ്രഗ്സ് കൺട്രോളർ ഉൾപ്പെടെയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി എക്സൈസ് കമ്മീഷണർ വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം മരുന്നുകൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നുവെന്ന് സംശയം തോന്നുന്ന മെഡിക്കൽഷോപ്പുകളിൽ ടി സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അതാത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് വിശദമായ പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. |
| (സി) | മറ്റ് ലഹരി വസ്തുക്കളെ അപേക്ഷിച്ച് വിലക്കറവുള്ളതുമൂലമാണോ ഇത്തരം മരുന്നുകളോട് താല്പര്യം കൂടുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | വിലക്കുറവിനെക്കാൾ കൈകാര്യം ചെയ്യുന്നതിനും ഒളിപ്പിച്ച് വെയ്ക്കുന്നതിനും സൗകര്യമുള്ളതിനാലും മണമില്ലാത്തതിനാലും ഇത്തരം കേസ്സുകളിൽ മതിയായ ശിക്ഷ കിട്ടാത്തതും ടി ലഹരി വസ്തുക്കളോട് താൽപര്യം കൂടുന്നതിന് കാരണമാണ്. |
| (ഡി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പുമായി ചേർന്നുള്ള പരിശോധനകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ആരോഗ്യ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ